# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ഒറ്റപ്പാലം നഗരസഭ

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

E-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി/22
/153/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്,
തീയതി – 31.01.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

ഒറ്റപ്പാലം നഗരസഭ

സർ,

വിഷയം :- ഒറ്റപ്പാലം നഗരസഭ- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ മുനിസിപ്പാലിറ്റി എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു

തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

2) റീജിയണൽ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പി.കെ.ഡി/ 22-153/2017

തീയതി.31.01.2017

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയുടെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയുടെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. മുനിസിപ്പാലിറ്റി 18.01.16 മുതൽ 3.1.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ മുനിസിപ്പാലിറ്റി അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ മുനിസിപ്പാലിറ്റി സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ടഉദ്യോഗസ്ഥൻ | കെ.കൃഷ്ണകുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.01.2017 മുതൽ 18.01.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | കെ.വി.അരവിന്ദാക്ഷൻ | ഓഡിറ്റ് ഓഫീസർ |
| | എ.ബി.സുരേഷ് | അസി.ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | എസ്.എച്ച്.ഷർഫുദ്ദീൻ | അസി.ഓഡിറ്റ് ഓഫീസർ |
| | കെ.പി.രാമകൃഷ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | വി.കെ.രാധാകൃഷ്ണൻ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീമതി.പി.സുബൈദ | 01-04-2015 മുതൽ 18.11.2015വരെ |
| | ശ്രീ.നാരായണൻ നമ്പൂതിരി | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.പി.മുരളീധരൻ | 01.04.2015 മുതൽ 04.10.2015 വരെ, 09.11.2015 മുതൽ 25.11.2015 വരെ |
| | ശ്രീ. ബിജുമോൻ ജേക്കബ് | 26.11.2015 മുതൽ 04.03.2016 വരെ |
| | ശ്രീ. എ.ആർ. ശൈലേഷ് കുമാർ, സൂപ്രണ്ട് (സെക്രട്ടറി ഇൻ ചാർജ്ജ്) | 05.10.2015 മുതൽ 08.11.2015 വരെ, 05.03.2016 മുതൽ 31.03.2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മുനിസിപ്പൽ എൻജിനീയർ | ശ്രീ. ഡിറ്റോദാസ്. എം | 01.04.2015 മുതൽ |

| | | |
|---|---|---|
| | | 02.06.2015 വരെ |
| | ശ്രീ.കെ.അൻസാർ അഹമ്മദ് | 03.06.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ.സുരേന്ദ്രൻ.സി | 01.4.2015മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.എം.സതീഷ് | 1.4.2015മുതൽ 31.3.2016വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.എസ്.സബിരാജ് | 01.04.2015 മുതൽ 31.03.2016വരെ |
| മെമ്പർ സെക്രട്ടറി, കുടുംബശ്രീ | ശ്രീ.യു.അയ്യപ്പൻ സീനിയർ ക്ലർക്ക് | 01.04.2015 മുതൽ 17.12.2015 വരെ |
| | ശ്രീ.സി.കൃഷ്ണൻ, ഹെൽത്ത് സൂപ്പർവൈസർ | 18.12.2015 മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.സുഷമകുമാരി.കെ | 01.04.2015 മുതൽ 31.05.2015 വരെ |
| | ശ്രീ.ശ്രീകൃഷ്ണദാസ്.എ | 01.06.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.വസന്തകുമാരി | 01.04.2015 മുതൽ 31.03.2016 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ഷാജി.കെ.പി | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | ഡോ.ബി.വി.രാമൻ | 01.04.2015 മുതൽ 03.06.2015 വരെ |
| | ഡോ. രമേഷ് ബാബു.ടി.ആർ | 04.06.2015മുതൽ 06.07.2015 വരെ |
| | ഡോ. സൌജ.പി.പി | 06.07.2015 മുതൽ 31.03.2016 വരെ |
| പ്രിൻസിപ്പാൾ, ഗവ.എച്ച്.എസ്.എസ്, ഈസ്റ്റ് ഒറ്റപ്പാലം | ഗീത.കെ.പി. | 01.04.2015 മുതൽ 31.03.2016 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് 28-03-2015തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 1-08-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 117405942.61 | 147908929.00 | 265314871.61 | 219019500.00 | 46295371.61 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40 bപ്രകാരം) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 14774577 | 38741857 | 53516434 | 34281016 | 19235418 | 0 |
| വികസനഫണ്ട് എസ്.സി.പി. | 11515198 | 2828087 | 14343285 | 6697159 | 7646126 | 0 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | 1816262 | 9330688 | 11146950 | 11146950 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 10258138 | 2711735 | 12969873 | 12969873 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 11996931 | 36606736 | 48603667 | 22961167 | 25642500 | 0 |
| ലോക ബാങ്ക് സഹായം | 7904498 | 3672295 | 11576793 | 6123562 | 5453231 | 0 |
| ബി ഫണ്ട് | 0 | 49085136 | 49085136 | 49085136 | 0 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 276 | 407732950 | 169 | 93481001 | 09 | 98 | 61.23 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 3.64 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 20586686 | 23089377 | (+)2502691 | (+)12.15 |
| നികുതിയേതര വരവുകൾ | 12441520 | 11141724 | (-)1299796 | (-)10.45 |
| ആകെ | 33028206 | 34231101 | (+)1202895 | (+)3.64 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 144480 | 115 |
| കർഷകതൊഴിലാളി പെൻഷൻ | 4051770 | 635 |
| വിധവാപെൻഷൻ | 21716150 | 2139 |
| വാർദ്ധക്യകാലപെൻഷൻ | 15943925 | 1468 |
| വികലാംഗപെൻഷൻ | 4821053 | 447 |
| അവിവാഹിത പെൻഷൻ | 1719335 | 185 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.2017 ന് ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 41,016 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

നികുതി-നികുതിയേതര വരുമാനങ്ങൾ സമയബന്ധിതമായും പൂർണ്ണമായും ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ 2015-16 സാമ്പത്തിക വർഷത്തിൽ നഗരസഭ പരാജയപ്പെട്ടു. പ്രധാന വരവിനങ്ങളായ വസ്തുനികുതി, തൊഴിൽനികുതി, ഡി&ഒ ലൈസൻസ് ഫീസ്, പരസ്യനികുതി, വാടക, കെട്ടിട നിർമ്മാണ പെർമിറ്റ് എന്നിവയിൽ കൃത്യമായ തീരുമാനങ്ങളെടുത്ത് നടപ്പിലാക്കാൻ കഴിഞ്ഞില്ല. കൃത്യവും വ്യക്തവും ആയ ഓഫീസ് ജോലി വിഭജനത്തിന്റെ അഭാവത്തിൽ വരവിനങ്ങളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ വർദ്ധിച്ചുവരുന്ന സാമ്പത്തിക ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ ഉതകുന്ന വിധത്തിൽ തനത് വരുമാനം ഉറപ്പാക്കാനും ഉപയോഗപ്പെടുത്താനും കഴിയാതെ പോവുകയും നഗരസഭയുടെ ദൈനംദിന ചെലവുകൾക്കുപോലും സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളെ ആശ്രയിക്കേണ്ട അവസ്ഥ ഉണ്ടാവുകയും ചെയ്തു.

വസ്തുനികുതിയുടെ കൃത്യമായ ഡിമാന്റ്-കളക്ഷൻ-ബാലൻസ് വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ല. ന്യൂ ബിൽഡിംഗ്സ് രജിസ്റ്റർ, എഴുതിത്തള്ളുന്ന വസ്തുനികുതി, താൽക്കാലികമായി ഒഴിവ്/ഇളവ് നൽകുന്ന വസ്തുനികുതി, പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഉണ്ടെങ്കിലും തുടർ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നില്ല.

കോടിക്കണക്കിന് രൂപ ലോൺ ഇടപാടുകൾ ഉള്ള നഗരസഭയിൽ നാളിതുവരെ ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വിവിധ ലോണുകളുടെ തുകകളുടെ വരവ്, പലിശ നിരക്ക്, തിരിച്ചടവ് വിവരങ്ങൾ എന്നിവ കൃത്യതയോടെ ലഭിക്കുന്നതിന് സംവിധാനമില്ല.
വൗച്ചറിനോടൊപ്പം നിർബന്ധമായും സൂക്ഷിക്കേണ്ട പേയ്മെന്റ് ഓർഡർ സൂക്ഷിക്കുന്നില്ല. (സാംഖ്യ സോഫ്റ്റ് വെയിറിൽ നിന്നും ലഭിക്കുന്നത്)

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തി കണക്കുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കുന്നതിനും അക്കൗണ്ടിംഗിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
മൂന്നാം ഗ്രേഡ് മുനിസിപ്പാലിറ്റിയിൽ നിന്നും 22-07-2014 ന് രണ്ടാം ഗ്രേഡ് മുനിസിപ്പാലിറ്റിയാക്കി ഈ സ്ഥാപനത്തെ ഉയർത്തിയെങ്കിലും ആയതിന് അനുവദനീയമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് നഗരസഭയ്ക്ക് അനുവദിച്ചിട്ടില്ല. ജീവനക്കാരുടെ ജോലി ഭാരം നിമിത്തം പല രജിസ്റ്ററുകളും ഫയലുകളും കൃത്യതയോടെ പരിപാലിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് നഗരസഭ സെക്രട്ടറി അഭിപ്രായപ്പെട്ടു. ആയതിനാൽ അനുവദനീയമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധനയ്ക്കായി ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | | | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പുന:നിർണ്ണയം നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 15.03.2013 ലെ സ.ഉ.(അ) നമ്പർ 100/2013/തസ്വഭവ സർക്കാർ ഉത്തരവ് കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ എന്നിവ പ്രകാരം മുനിസിപ്പാലിറ്റികൾ വസ്തു നികുതി പുനർ നിർണയം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ [പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നവ, വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുന്നവ തുടങ്ങിയ രീതിയിൽ] തരം തിരിക്കാനും, ഓരോ കെട്ടിടത്തിന്റെയും ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണയിക്കാനും വ്യവസ്ഥചെയ്യുന്നുണ്ട്. ചട്ടങ്ങൾ പ്രകാരം നഗരസഭാ പരിധിയിലെ പ്രദേശങ്ങളെ പ്രാഥമിക, ദ്വീതീയ, തൃതീയ മേഖലകളാക്കി തിരിക്കുകയും ഓരോ മേഖലകളിലും നിഷ്കർഷിച്ച നിരക്കിൽ, തറവിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുകയും വേണമെന്ന് നിബന്ധനയുണ്ട്. എന്നാൽ ചട്ടങ്ങൾ പാലിച്ച് പഴയ കെട്ടിടങ്ങളുടെ പുതിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനായി നഗരസഭ ഓഡിറ്റ് കാലയളവ് വരേയും നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ല. ഇത് കാരണം യഥാസമയം നഗരസഭയ്ക്ക് ലഭിക്കേണ്ട നിയമാനുസൃത നികുതി നഷ്ടപ്പെടുത്തുന്നതിന് നഗരസഭാ അധികാരികൾ തന്നെ സാഹചര്യങ്ങൾ സൃഷ്ടിച്ചു.

നഗരസഭാ പരിധിയിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി നടത്തിയിട്ടില്ല. ഫോം 6 എൻട്രി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

15.03.2013 ലെ സ.ഉ.(അ) നമ്പർ 100/2013/തസ്വഭവ സർക്കാർ ഉത്തരവു പ്രകാരം കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ നിലവിൽ വരുകയും ആയതിന് 2013 ഏപ്രിൽ 1 മുതൽ പ്രാബല്യമുള്ളതുമാണ്. നഗരസഭയിലെ രേഖകൾ പരിശോധിച്ചതിൽ ഓഡിറ്റ് കാലയളവിൽ (2015-16) കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ വസ്തുനികുതി ഈടാക്കിയിട്ടില്ല. എന്നാൽ 1.10.2016 ന് ശേഷം നികുതി നിർണയം നടത്തിയിട്ടുള്ള പുതിയ കെട്ടിടങ്ങൾക്കാണ് പുതിയ നിരക്കിൽ വസ്തുനികുതി ഈടാക്കി വരുന്നത്.

വസ്തുനികുതി പരിഷ്കരണം ഫയൽ പരിശോധിച്ചതിൽ (ഫയൽ നമ്പർ R1- 5734/11) വസ്തുനികുതി പരിഷ്കരണം നടപ്പാക്കാൻ നടപടി ആരംഭിച്ചെങ്കിലും 7-08-2012 ൽ പരിഷ്കരണം നിർത്തിവയ്ക്കുകയാണുണ്ടായത്. പിന്നീട് 15-10-2016 ന് മാത്രമാണ് വസ്തുനികുതി പരിഷ്കരണത്തിന്റെ അന്തിമ വിജ്ഞാപനം പ്രമുഖ പത്രങ്ങളിലൂടെ പരസ്യപ്പെടുത്തിയത്. എന്നാൽ 2012 ൽ തന്നെ നഗരസഭാ സെക്രട്ടറിയുടെ വിവിധ ഉത്തരവുകൾ മുഖേന വാർഡുകളിൽ നമ്പർ പ്ലേറ്റ് പതിക്കലിനും അനുബന്ധ ജോലികൾക്കുമായി കുടുംബശ്രീ പ്രവർത്തകർ, നഗരസഭാ ജീവനക്കാർ എന്നിവരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നഗരസഭയിൽ കുടുംബശ്രീ മുഖേന ഏകീകരിച്ച രീതിയിൽ നമ്പർ പ്ലേറ്റുകൾ പതിക്കുന്ന ജോലി പൂർത്തീകരിച്ചിട്ടുള്ള വിവരം സെക്രട്ടറിയുടെ 26-11-2013 ലെ ആർ1/5734/2011 നമ്പർ കത്തു പ്രകാരം നഗരകാര്യ ഡയറക്ടറെ അറിയിച്ചിട്ടുള്ളതായി ഫയലിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ വസ്തുനികുതി പരിഷ്കരണത്തിന്റെ തുടർ നടപടികളുടെ യാതൊരു വിവരങ്ങളും ഫയലിൽ ഇല്ല.

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകികൊണ്ടുള്ള സ.ഉ (എം.എസ്) 144/15/തസ്വഭവ തി. 27.4.15 സർക്കാർ ഉത്തരവ് നിലനിൽക്കെ നഗരസഭയുടെ പ്രധാന വരുമാനമാർഗ്ഗമായ വസ്തുനികുതി പരിഷ്കരിച്ച നിരക്കിൽ ഈടാക്കുന്നതിന് ഫലപ്രദമായ നടപടി നഗരസഭ സ്വീകരിച്ചിട്ടില്ല. തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

വസ്തുനികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല

2015-16 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ തൻ വർഷം 1,10,39,436 രൂപയും, കുടിശ്ശികയായി 33,73,890 രൂപയും വരവുണ്ട്. ഡിമാന്റ്, അരിയർ ഡിമാന്റ് രജിറ്ററുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലെ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 2-2 ബിൽഡിംഗ് പെർമിറ്റ് ഫീ കുറവായി ഈടാക്കിയതുമൂലം വരവ് നഷ്ടം-12573 രൂപ

2015-2016 സാമ്പത്തിക വർഷത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയതിൽ പെർമിറ്റ് ഫീ കുറവായി ഈടാക്കിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. {Commercial purpose- Rs.10/$M^2$, Residential purpose- Rs.7/$M^2$(Above 150$M^2$)}

| ക്രമ നം. | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ ക്രമ നം. | അപേക്ഷ കന്റെ പേരും വിലാസവും | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച തീയതി | ഈടാ ക്കേണ്ട തുക | ഈടാ ക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | 430 | പി.അഷറഫ്, പുളിക്കകലത്ത്, വരോട്, ഒറ്റപ്പാലം | Commercial- 623.18$M^2$, Residential -1463.66$M^2$ | 14-10-2015 | 16478 (6232+ 10246) | 6436 | 10042 |
| 2 | 720 | മുഹമ്മദ് നവാസ്, മഞ്ഞളിങ്കൽ, വല്ലപ്പുഴ | Residential– 412.1$M^2$ | 23-03-2016 | 2885 | 890 | 1995 |
| 3 | 692 | ദേവകി ശശിധരൻ, മാതശ്ശേരി, എസ്.ആർ.കെ. നഗർ | Residential – 153.68$M^2$ | 15-03-2016 | 1076 | 540 | 536 |

| | | | | |
|---|---|---|---|---|
| ആകെ | | 20439 | 7866 | 12573 |

ഓഡിറ്റ് എൻക്വയറി നോട്ടീസ് (No.14/16-01-2017) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആകയാൽ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും കുറവ് വന്ന തുക (12573 രൂപ) ഈടാക്കേണ്ടതാണ്.

## 2-3 നഗരസഭയ്ക്ക് അധിക ബാധ്യതയുണ്ടാക്കി മത്സ്യമാർക്കറ്റ് & ഷോപ്പിങ് കോംപ്ലക്സ്

നഗരസഭയുടെ തനതു വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2007-08 സാമ്പത്തിക വർഷത്തിൽ ആസൂത്രണം ചെയ്ത പദ്ധതിയാണ് മത്സ്യമാർക്കറ്റ് &ഷോപ്പിങ് കോംപ്ലക്സ്. എന്നാൽ ലക്ഷ്യത്തിൽനിന്നും വിഭിന്നമായി തനതുഫണ്ടിന് ഭീമമായ നഷ്ടം മാത്രം വരുത്തുന്നതിലേക്ക് എത്തിനിൽക്കുകയാണ് പ്രസ്തുത കെട്ടിടം. ബേസ്മെന്റ് ഫ്ലോർ, ഗ്രൌണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, സെക്കന്റ് ഫ്ലോർ എന്നീ നാലു നിലകളിലായി യഥാക്രമം 12, 12, 12മുറികൾ, 2ഹാളുകൾ എന്നിങ്ങനെ നിർമ്മിക്കാൻ പദ്ധതിയിടുകയും 2013-14 പദ്ധതി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ ഫണ്ടുകൾ പ്രയോജനപ്പെടുത്തിയെങ്കിലും രണ്ടാം ഘട്ടം പൂർത്തിയാക്കുന്നതിന് HUDCO യിൽ നിന്നും 4.34 കോടി രൂപ 12% പലിശ നൽകണമെന്ന വ്യവസ്ഥയിൽ ലോൺ ലഭ്യമാക്കി ആകെ 5,06,40,517 രൂപ ചെലവഴിച്ചാണ് കെട്ടിടം പണി പൂർത്തിയാക്കിയിട്ടുള്ളത്. HUDCO യിൽ നിന്നുള്ള 4.34 കോടി രൂപയുടെ മാത്രം വാർഷിക പലിശ 52.08 ലക്ഷം രൂപയാണ്. HUDCO യുമായുള്ള കരാർ പ്രകാരം 2013 ഫെബ്രുവരി മാസം മുതൽ ഓരോ പാദ വർഷങ്ങളിലും 44ലക്ഷം രൂപ മുതലും അവശേഷിക്കുന്ന തുകയുടെ പലിശയും ചേർത്ത് 10 ഗഡുക്കളായാണ് തുക ഒടുക്കേണ്ടത്. 2015 മെയ് മാസത്തോടെ മുഴുവൻ തുകയും അടച്ചുതീർക്കണമെന്നിരിക്കെ 8/2015 ൽ 3.02 കോടി രൂപ അടച്ചുതീർക്കാൻ ബാക്കിയാണെന്ന് HUDCO യിൽ നിന്നുള്ള സ്റ്റേറ്റ് മെന്റിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ നിന്നും ലഭിക്കുന്ന വാടകയിൽ നിന്നും HUDCO യിലേക്ക് അടക്കേണ്ട തുക കണ്ടെത്തേണ്ടത് അനിവാര്യമാണ്. ഇതിനു വേണ്ടി 29.9.2014 ലെ 1-ാം നമ്പർ കൌൺസിൽ തീരുമാനം പ്രകാരം നിലവിൽ ഈടാക്കാൻ വ്യവസ്ഥ ചെയ്ത പ്രതിമാസ വാടക താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിടം ഫ്ലോർ | മുറികളുടെ എണ്ണം | പ്രതിമാസ വാടക | ആകെ |
|---|---|---|---|---|
| 1 | ബേസ്മെന്റ് ഫ്ലോർ | 10<br>2 | 7000<br>7500 | 70000<br>15000 |
| 2 | ഗ്രൌണ്ട് ഫ്ലോർ | 12 | 6000 | 72000 |
| 3 | ഫസ്റ്റ് ഫ്ലോർ | 12 | 4000 | 48000 |

| | | | | |
|---|---|---|---|---|
| 4 | സെക്കന്റ് ഫ്ലോർ | 2ഹാൾ | 10000 | 20000 |
| | ആകെ | | | 225000 |

മേൽ നിരക്കിൽ മുഴുവൻ മുറികളും വാടകയ്ക്ക് നൽകിയാൽതന്നെ ലഭിക്കാവുന്ന പ്രതിവർഷ വാടക 27 ലക്ഷം (225000 x12) രൂപയാണ്. കൗൺസിൽ തീരുമാനപ്രകാരം ഈടാക്കാവുന്ന ഡെപ്പോസിറ്റ് തുക 1.85 കോടി രൂപയാണ്. ഇവയിൽ നിന്നുള്ള ബാങ്ക് പലിശ 1572500 രൂപയാണ്. ഈയിനത്തിൽ ആകെ ലഭിക്കാവുന്നത് 42.725 ലക്ഷം രൂപയാണ്. അതായത് പലിശ നൽകാൻ വേണ്ടി മാത്രം ഓരോ വർഷവും 10 ലക്ഷം രൂപ വീതം അധികമായി നഗരസഭാ ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിവരും. ഇത് നഗരസഭയെ ഭീമമായ സാമ്പത്തിക പ്രതിസന്ധിയിലാക്കും എന്നതിൽ തർക്കമില്ല. 2015-16 സാമ്പത്തിക വർഷത്തിൽ 7 മുറികൾ മാത്രമാണ് ലേലം പോയിട്ടുള്ളത്. അതിലൂടെ 2.85 ലക്ഷം രൂപയാണ് നഗരസഭയ്ക്ക് ലഭിച്ചത്. മുഴുവൻ മുറികളും വാടകയ്ക്ക് നൽകിയാൽതന്നെ പലിശ നൽകാൻ കഴിയാത്ത സാഹചര്യത്തിൽ വാടകയും ഡെപ്പോസിറ്റ് തുകയും യുക്തമായരീതിയിൽ വർദ്ധിപ്പിച്ച് സാമ്പത്തിക ബാധ്യതയിൽ നിന്നും നഗരസഭയെ മോചിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **2-4** ഹെൽത്ത് ഇൻസ്പെക്ടറുടെ സാക്ഷ്യപത്രം ഇല്ലാതെ വ്യവസായ സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നൽകി

താഴെ പറയുന്ന വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഇൻസ്പെക്ടറുടെ സാക്ഷ്യപത്രം ഇല്ലാതെ പ്രവർത്തനാനുമതി നൽകിയിരിക്കുന്നു.

| ക്രമ നം | കെട്ടിട നം | പേര്,വിലാസം | തൊഴിൽ | യന്ത്ര ശക്തി |
|---|---|---|---|---|
| 1 | 4/235 | മുഹമ്മദാലി,പടിഞ്ഞാക്കര,പഴയലെക്കിടി | ഈർച്ച മിൽ | 32HP |
| 2 | 7/203(5) | സുരേഷ് ബാബു പ്രിയാ ഭവൻ ,തോട്ടക്കര | ഡ്രൈക്ളീനിംഗ് | 35 HP |
| 3 | 9/203(5) | മാനു കങ്കാടിയിൽ ,ചുനങ്ങാട് | ഈർച്ച മിൽ | 22HP |
| 4 | 10/355 | സുകുമാരൻ ,കണ്ണിയമ്പുറം | വെൽഡിംഗ് വർക്ക്ഷോപ്പ്. | 10 HP |
| 5 | 11/24(1) | വിനോദ് കുമാർ,പടിക്കൽപറമ്പ്,ഒറ്റപ്പാലം | വെൽഡിംഗ് വർക്ക്ഷോപ്പ്. | 10 HP |
| 6 | 12/39(2) | രാമദാസ് ,തേജസ് ,കണ്ണിയമ്പുറം | വർക്ക്ഷോപ്പ്. | 7 HP |
| 7 | 12/179 | പാഞ്ചാലി ,ഈയ്യാംപടിക്കൽ ,മനിശ്ശേരി | ഈർച്ച മിൽ | 20 HP |
| 8 | 13/245 | സൈനബ .പുറയത്ത് പറമ്പിൽ,ഇരിങ്ങാവൂർ | ഈർച്ച മിൽ | 10 HP |
| 9 | 14/229 | ജനാർദ്ദനൻ,പാറക്കുളത്തിങ്കൽ ,പനമണ്ണ. | വെൽഡിംഗ് വർക്ക്ഷോപ്പ്. | 5 HP |
| 10 | 19/15 | ജിതേഷ്,കുന്നത്ത്,തോട്ടക്കര | വർക്ക്ഷോപ്പ്. | 4 HP |
| 11 | 19/66 | മുഹമ്മദ്കുട്ടി ,ബാബു മൻസിൽ, ടി.ബി.റോഡ് ഒറ്റപ്പാലം | ഈർച്ച മിൽ | HP വ്യക്തമല്ല. |

| | | | | |
|---|---|---|---|---|
| 12 | 20/16 | മുഹമ്മദാലി,പടിക്കൽപറമ്പ്,ഒറ്റപ്പാലം | വെൽഡിംഗ് വർക്ക്ഷോപ്പ്. | 10 HP |
| 13 | 25/206 | മനോജ്,നെല്ലാളിയിൽ,SRK നഗർ | വർക്ക്ഷോപ്പ്. | 14 HP |
| 14 | 28/272 | രാജ്കുമാർ,ലക്ഷ്മി നിവാസ് ഒറ്റപ്പാലം | അഗ്രോ ഇൻഡസ്ട്രീസ്. | 37 HP |
| 15 | 28/273 | രാജ്കുമാർ,ലക്ഷ്മി നിവാസ് ഒറ്റപ്പാലം | ഫാക്ടറി | 24 HP |
| 16 | 28/A(7) | സുരേഷ് ബാബു പ്രിയാ ഭവൻ ,തോട്ടക്കര | വ്യക്തമല്ല | 49 HP |

ഹെൽത്ത് ഇൻസ്പെക്ടറുടെ സാക്ഷ്യപത്രം ഇല്ലാതെ വ്യവസായ സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നൽകിയതിന് -വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം.16/21.01.2017) യ്ക്ക് നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ നേരിട്ട് പരിശോധിച്ച ശേഷമാണ് അനുമതി നൽകുന്നത് എന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും അപേക്ഷകളിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ വെരിഫിക്കേഷൻ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകളിൽമേൽ ഹെൽത്ത് ഇൻസ്പെക്ടറുടെ വെരിഫിക്കേഷൻ റിപ്പോർട്ട് തയ്യാറാക്കി മാത്രമെ ലൈസൻസ് അനുവദിക്കുന്നുള്ളു എന്ന് ഉറപ്പാക്കേണ്ടതാണ്.

## 2-5 ട്യൂട്ടോറിയൽ രജിസ്ട്രേഷൻ ഫീ ഈടാക്കിയിട്ടില്ല

2015-16 സാമ്പത്തിക വർഷം ആകെ 14 സ്ഥാപനങ്ങളാണ് ട്യൂട്ടോറിയൽ രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം രജിസ്റ്റർ ചെയ്തിരിക്കുന്നത്. സർക്കാർ സഹായമില്ലാത്ത, 10 ൽ കുറയാത്ത വിദ്യാർത്ഥികളുള്ള, ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെടാത്ത കോളേജോ, ഏതെങ്കിലും ഒരു വിദ്യാഭ്യാസ ശാഖയിലെ ഒരു പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതിനോ, ഹാജരാകുന്നതിനോ, ഓരാളെ സഹായിക്കുന്നതിനായി ബോധനമോ, വിദ്യാഭ്യാസമോ, പരിശീലനമോ, നൽകുന്ന സ്ഥാപനം കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 507(1) പ്രകാരം മുനിസിപ്പാലിറ്റിയിൽ മുൻകൂട്ടി രജിസ്ട്രേഷൻ ചെയ്യാതെ സ്ഥാപിക്കുവാൻ പാടുള്ളതല്ലെന്നും, വകുപ്പ് 508 പ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ സ്ഥാപിക്കുകകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും 1000 രൂപ വരെ പിഴ ശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മുൻ വർഷങ്ങളിൽ രജിസ്ട്രേഷൻ നിലവിലുണ്ടായിരുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ 2015-16 ൽ പുതുക്കിയതിന്റെയോ, സ്ഥാപനം നിർത്തലാക്കിയതിന്റെയോ, വിശദാംശം ടി രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. ഇത്തരം സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, ഡി & ഒ ലൈസൻസ്, കെട്ടിട നികുതി എന്നിവ ഈടാക്കുകയും ചെയ്ത സാഹചര്യത്തിൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ, പിഴ എന്നിവ ഈടാക്കിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു. സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) ലക്ഷ്മിനാരായണ വനിത കോളേജ്, ഒറ്റപ്പാലം

2) ലക്ഷിനാരായണ കോളേജ്, പാലപ്പുറം

3)വിവേകാനന്ദാ കോളേജ്, ഒറ്റപ്പാലം

4)എം.ഇ.എസ് വുമൺസ് കോളേജ്, ഒറ്റപ്പാലം

5)ഒറ്റപ്പാലം കോ- ഓപ്പ് ആർട്സ് ആന്റ് സയൻസ് കോളേജ്, ഒറ്റപ്പാലം

6) ബാങ്കേഴ്സ് അക്കാദമി, ഒറ്റപ്പാലം

7)ബ്രില്യൻസ് കോളേജ്, ഒറ്റപ്പാലം

8)ടാലെന്റ് PSCകോച്ചിംഗ് സെന്റർ, ഒറ്റപ്പാലം

9)ഫോക്കസ് PSCകോച്ചിംഗ് സെന്റർ, ഒറ്റപ്പാലം

10)സിവിൽ സർവ്വീസ് അക്കാദമി, ഒറ്റപ്പാലം

11) ജി -ടെക് കമ്പ്യൂട്ടർ സെന്റർ, ഒറ്റപ്പാലം

12) പയനിയർ കമ്പ്യൂട്ടർ സെന്റർ, ഒറ്റപ്പാലം

13) ഇൻഫോമേറ്റ് കമ്പ്യൂട്ടർ സെന്റർ, ഒറ്റപ്പാലം

14) ഐ.ഇ.എസ് കമ്പ്യൂട്ടർ സെന്റർ, ഒറ്റപ്പാലം

15) വേദ സ്പോക്കൺ ഇംഗ്ലീഷ് അക്കാദമി, ഒറ്റപ്പാലം

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ഫീ, പിഴ എന്നിവ ഈടാക്കേണ്ടതാണ്.

## **2-6** സ്വകാര്യ ആശുപത്രികളും, സ്വകാര്യ പാരമെഡിക്കൽ സ്ഥാപനങ്ങളും നഗരസഭയിൽ രജിസ്ട്രേഷൻ നടത്താതെ പ്രവർത്തിക്കുന്നു

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 311 പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ മുനിസിപ്പാലിറ്റി പ്രദേശത്തിനുള്ളിൽ യാതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടില്ലാത്തതാണെന്നും, വകുപ്പ് 314 പ്രകാരം ഇത്തരം സ്ഥാപനങ്ങൾ പരിപാലിക്കുകയും, നടത്തുകയും ചെയ്യുന്ന ഏതെങ്കിലും കുറ്റ സ്ഥാപനത്തിന്മേൽ 5000 രൂപ വരെയുള്ള പിഴ ശിക്ഷയും ആ കുറ്റം തുടർന്നും ചെയ്യുന്ന ഓരോ ദിവസത്തിനും 1000 രൂപ വരെയുള്ള പിഴ ശിക്ഷയും നൽകി ശിക്ഷിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പാരമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം ആകെ 35 സ്ഥാപനങ്ങളാണ് 2015-16 വർഷം രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇത്തരം സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, ഡി & ഒ ലൈസൻസ്, കെട്ടിട നികുതി എന്നിവ ഈടാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങൾ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയിൽ നിന്നും രജിസ്ട്രേഷൻ ഫീ, പിഴ എന്നിവ ഈടാക്കിയിട്ടില്ല.

1) ന്യൂ അശ്വനി ആശുപത്രി, ഒറ്റപ്പാലം

2) എസ്.ഡി.എ. നഴ്സിംഗ് സ്കൂൾ, ഒറ്റപ്പാലം

3) വള്ളുവനാട് നഴ്സിംഗ് സ്കൂൾ, ഒറ്റപ്പാലം

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃതമായ രജിസ്ട്രേഷൻ ഫീ, പിഴ എന്നിവ ഈടാക്കേണ്ടതാണ്.

## 2-7 ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളുടെ ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയില്ല

2015-16 ലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പ്രകാരം 751 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. എന്നാൽ 69 അപേക്ഷകളിൽമേൽ യാതൊരു തുടർ നടപടിയും എടുത്തതായി രജിസ്റ്റർ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. കേരള മുനിസിപ്പാലിറ്റി നിയമം 390-ാം വകുപ്പ് പ്രകാരം കെട്ടിട നിർമ്മാണത്തിന് അനുമതിക്കായി ലഭിച്ച അപേക്ഷകളിൽമേൽ, ഏതെങ്കിലും ചട്ടങ്ങളിലോ, ബൈലോകളിലോ ആവശ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും വിവരമോ, കൂടുതൽ വിവരമോ കിട്ടിയതിനു ശേഷം, 30 ദിവസത്തിനകം സെക്രട്ടറി രേഖാമൂലമുള്ള ഉത്തരവു മുഖേന ഒന്നുകിൽ അംഗീകരിക്കുയോ അല്ലെങ്കിൽ അംഗീകരിക്കുവാൻ വിസമ്മതിക്കുകയോ ചെയ്യേണ്ടതും, വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. എന്നാൽ അപ്രകാരം നടപടിക്രമങ്ങൾ പാലിച്ചതായി രജിസ്റ്ററിൽ കാണുന്നില്ല. ഇതു സംബന്ധിച്ച ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ കൃത്യമായും പൂർണ്ണമായും രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-8 ലൈസൻസില്ലാതെ മത്സ്യം, മാംസ മാർക്കറ്റ് പ്രവർത്തിക്കുന്നു

മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം, ഹെൽത്ത് ഇൻസ്പെക്ടറുടെ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാതെ ചില സ്വകാര്യ വ്യക്തികൾ മത്സ്യ മാംസ മാർക്കറ്റ് നടത്തുന്നുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് നം. | പേര്/അഡ്രസ്സ് | തൊഴിൽ |
|---|---|---|---|
| 1 | 11/271 | മുഹമ്മദലി, കോലോത്ത് ഹൗസ് | ഇറച്ചിക്കോഴി വിൽപ്പന |
| 2 | 11/2 (5) | ഷമീർ.എം.വി, മുക്കാട്ടിൽ, തോട്ടക്കര | പച്ചമത്സ്യം |
| 3 | 11/2(4) | സിദ്ദീഖ്.പി.പി, പുത്തൻപീടികക്കൽ | -ടി- |
| 4 | 7/254 | മുഹമ്മദ് കാസിം ആന്റ് അബ്ദുൾ അലി, കാളത്തൊടിയിൽ വീട് | -ടി- |

| | | | |
|---|---|---|---|
| 5 | 1/351-17 | മണികണ്ഠൻ.എ, അങ്ങാടിയിൽ വീട് | -ടി- |
| 6 | 8/538 | അഷ്റഫ്.കെ.എച്ച്, കണ്ടേപ്പാടം വീട് | -ടി- |
| 7 | 8/543(4) | സുധീർ.സി, ചെപ്പെറമ്പിൽ വീട് | -ടി- |
| 8 | 8/310 | സൈതലവി, മൂച്ചിക്കൽ, വരോട് | -ടി- |
| 9 | 8 | അസ്കൽ അലി, കാളതോട് വീട് | -ടി- |
| 10 | 8 | കാസിം, ചക്രാട്ടുപടി വീട്, അകലൂർ | -ടി- |
| 11 | 8 | ഹരിദാസൻ, അങ്ങാടിയിൽ ഹൗസ് | -ടി- |
| 12 | 8 | ഉണ്ണികൃഷ്ണൻ, കറ്റകയിൽ, താഴത്ത് വീട് | -ടി- |
| 13 | 19/66 | കെ.അലി, കാടംതൊടി ഹൗസ്, വരോട് | ഇറച്ചിക്കോഴി വിൽപ്പന |
| 14 | 19/102 | സുബ്രഹ്മണ്യൻ, ചരവരമ്പിൽ , വരോട് | -ടി- |
| 15 | 20/240 | മുഹമ്മദ്.എം, മൂച്ചിക്കൽ, വരോട് | പച്ചമത്സ് |
| 16 | 20/75 | കവായത്ത് അരുൺകുമാർ, നവിയത്ത് വീട് | ഇറച്ചി ക്കോഴി വിൽപ്പന |
| 17 | 20/74 91) | കെ. ഉമ്മർ, തേൻകോട്ടിൽ, വരോട് | -ടി- |
| 18 | 22/117 | ബഷീർ.പി, പുളിക്കൽ വീട് | -ടി- |
| 19 | 22/307 | അബൂബക്കൽ സിദ്ദിഖ്, മുക്കാട്ടിൽ വീട് | പച്ചമത്സ്യം |

| | | | |
|---|---|---|---|
| 20 | 22/550 | കെ. കബീർ, കുളങ്ങരക്കാട്ടിൽ, തോട്ടക്കര | ഇറച്ചി ക്കോഴി വിൽപ്പന |
| 21 | 22/298 | സിദ്ദിഖ്.ഡി.പി, പുത്തൽ പീടികക്കൽ | -ടി- |

മത്സ്യ മാംസ മാർക്കറ്റ് നടത്തുന്നതിന് പരിസ്ഥിതി മലിനീകരണ നിയന്ത്രണ ബോർഡിന്റെ സമ്മതപത്രം, ഹെൽത്ത് ഇൻസ്പെക്ടറുടെ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. ആയവ ലഭ്യമാക്കാതെ ലൈസൻസ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം.15/17.01.2017) ക്ക് 2017-18 വർഷത്തിൽ ലൈസൻസ് പുതുക്കുമ്പോൾ ടി സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കുന്നതിന് ആവശ്യപ്പെടുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 2-9 വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

നഗരസഭയിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2015-16 ലെ രണ്ട് അർദ്ധവർഷങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ( ചട്ട പ്രകാരമുള്ള റിട്ടേണുകൾ സമർപ്പിച്ച്) അടവാക്കിയിട്ടില്ല.

1) ആയുർവേദ ഹോസ്പിറ്റൽ റിസേർച്ച് സെൻറർ, ഒറ്റപ്പാലം

2) സ്റ്റീൽ ഇൻഡസ്ട്രീസ്, കയറംപ്പാറ.

3) ഇ.പി. പെട്രോളിയം, ഒറ്റപ്പാലം

4) സർക്കിൾ ഇൻസ്പ്പെക്ടർ ഓഫീസ്, ഒറ്റപ്പാലം

5) സ്റ്റോർ കീപ്പർ, ഗവർമെന്റ ടെസ്റ്റ് ബുക്ക് ഡിപ്പോ

6) വെൽഫെയർ ഓഫീസ്, കേരള ഹെഡ് ലോഡ് വർക്കേർസ് വെൽഫെയർ ബോർഡ്

7) എലൈറ്റ് ജ്വലറി, ഒറ്റപ്പാലം

8) കേരള സ്റ്റേറ്റ് കോ- ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ, ഒറ്റപ്പാലം

9) NIIT-ഒറ്റപ്പാലം ഷോപ്പിംങ്ങ് കോംപ്ലക്സ്സ്.

10)വിദ്യാരാജ് ITC, ഒറ്റപ്പാലം

11)M/s ഗോപിനാഥൻ (ചാർട്ടേഡ് അക്കൗണ്ടന്റ്) ജെ. ആർ. കോംപ്ലക്സ്സ്

12)യുണൈറ്റഡ് ഇന്ത്യ ഇൻഷൂറൻസ്, ഒറ്റപ്പാലം

13) ജൈഹിന്ദ് സ്കൂൾ, ഒറ്റപ്പാലം

14)ജൂനിയർ ടെലിക്കോം ഓഫീസ് , കണ്ണിയമ്പുറം

15)നിള കാറ്ററിങ്, കണ്ണിയമ്പുറം

16)സത്യം ഗ്യാസ് ഏജൻസീസ്, ഒറ്റപ്പാലം

17)പോസ്റ്റ് ഓഫീസ് , വീട്ടാംപ്പാറ

18) നന്ദാവനം ആയുർവേദിക്ക് ഹോസ്പ്പിറ്റൽ, ഒറ്റപ്പാലം

19) വിവേകാനന്ദ കോളേജ്, ഒറ്റപ്പാലം

20) താജ് റെഡിമെയ്ഡ്സ്, ഒറ്റപ്പാലം

21) താജ് മെൻസ് വെയർ, ഒറ്റപ്പാലം

22) റോയൽ വെഡ്ഡിംഗ് സെൻറ്റർ, ഒറ്റപ്പാലം

22) റോയൽ ബസ്സാർ സൂപ്പർമാർക്കറ്റ്, ഒറ്റപ്പാലം

23) റോയൽ ഫ്രൂട്ട്സ്, ഒറ്റപ്പാലം

24) ചോയ്സ് ഹൈപ്പർ മാർക്കറ്റ്, ഒറ്റപ്പാലം

25) നിള ബേക്കറി & റെസ്റ്റോറന്റ്, ഒറ്റപ്പാലം

26) ലക്ഷ്മി സിനിമ തിയറ്റർ, ഒറ്റപ്പാലം

27) ജാസ് സിനിമ തിയറ്റർ, ഒറ്റപ്പാലം

28) ഇംപീരിയൽ സിനിമ തിയറ്റർ, ഒറ്റപ്പാലം

29) പ്രഭാത് പെട്രോളിയം, ഒറ്റപ്പാലം

30) ഗോകുലം ചിറ്റ്സ്, ഒറ്റപ്പാലം

31) കുമാർ പബ്ലിക്കേഷൻസ് & ബുക്ക്സ്

31) ബ്രദേഴ്സ് സാരീസ്, ഒറ്റപ്പാലം

32) ഖാദി ഷോറൂം, ഒറ്റപ്പാലം

33) ഭാരതീയ വിദ്യാഭവൻ, വീട്ടാംപാറ

34)സ്വാതി സെൻട്രൽ സ്കൂൾ, കണ്ണിയാംമ്പുറം

35) ചിനക്കത്തൂർ ഭഗവതി ദേവസ്വം, പാലപ്പുറം

36) വിവേകാനന്ദ B-Ed കോളേജ്, മയിലുംപുറം

37) ഇസ്ലാമിക് സെൻട്രൽ സ്കൂൾ,മയിലുംപുറം

38) എൽ എസ് എൻ ജൂനിയർ സ്കൂൾ, ഒറ്റപ്പാലം

മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കേരള മുൻസിപ്പാലിറ്റി നിയമം

204-ാം വകുപ്പ് പ്രകാരം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

## 2-10 യന്ത്രസാമഗ്രികൾ ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്കുള്ള മോട്ടോറിന്റെ പവർ രേഖപ്പെടുത്തിയിട്ടില്ല

യന്ത്രസാമഗ്രികൾ ഉപയോഗിച്ചു പ്രവർത്തിക്കുന്ന വ്യവസായങ്ങളിലെ മോട്ടോർ എത്ര HP-യിലുള്ളതാണെന്ന് രേഖപ്പെടുത്താത്ത അപേക്ഷയിന്മേൽ ചില വ്യവസായങ്ങൾക്ക് ലൈസൻസ് നൽകിയിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സർവ്വേ നം. | പേര്, അഡ്രസ്സ് | വ്യവസായം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | 1/226(5) | ഉണ്ണികൃഷ്ണൻ. എൻ<br>നാഗംകുളങ്ങര<br>മംഗലം | കൃഷ്ണ എഞ്ചിനീയറിംഗ് | 100 |
| 2 | 17/2(1) | ലത.ടി<br>മങ്ങാട്ട് ഹൗസ്<br>വരോട് (പി.ഒ) | പ്രിന്റിംഗ് പ്രസ്സ് | 75 |
| 3 | 25/208 | കുഞ്ഞമ്മ. എ<br>പാലാൽ ഹൗസ്<br>പാലപ്പുറം | ഈർച്ച മിൽ | 250 |
| 4 | 24/318 | അജിത്കുമാർ<br>കോളേരിത്തൊടി<br>ഈസ്റ്റ് ഒറ്റപ്പാലം | ഡ്രില്ലിംഗ്, വെൽഡിംഗ്, ഫാബ്രിക്കേഷൻ മുതലായവ | 200 |

വ്യവസായങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്ന മോട്ടോറിന്റെ പവ്വറിന് അനുസരിച്ച് ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. ആയത് പരിഗണിക്കാതെ മേൽ വ്യവസായങ്ങൾക്ക് ലൈൻസ് നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം.17/17.01.2017) യ്ക്ക് മേൽ സ്ഥാപനങ്ങൾ പരിശോധിച്ച് നിലവിലെ മോട്ടോറുകളുടെ വിവരം ശേഖരിച്ച് ആയതനുസരിച്ച് ലൈസൻസ് ഫീസ് ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 2-11 മൊബൈൽ ടവറുകൾക്ക് രജിസ്റ്റർ സൂക്ഷിക്കുകയോ, വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല

നഗരസഭയുടെ രേഖകൾ പരിശോധിച്ചതിൽ നിന്നും ആകെ 23 മൊബൈൽ ടവറുകൾ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് രേഖപ്പെടുത്തിയതായി കണ്ടെത്തി. എന്നാൽ ഇവയിൽ 7 എണ്ണത്തിന്റെ ഫയലുകൾ മാത്രമാണ് നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ളത്.

| ക്രമ നം. | ടവറിന്റെ പേര് | ടവർ സ്ഥിതിചെയ്യുന്ന സ്ഥല ഉടമ | കെട്ടിട നം. |
|---|---|---|---|
| 1 | ഇൻഡസ് | ഹൈദർ .പി.<br>പൂളക്കുണ്ട് | 8/ 411(1) |
| 2 | എയർടെൽ | ദേവകി.<br>പനമണ്ണ സൌത്ത് | 14/ 83(2) |
| 3 | ഭാരതി എയർടെൽ | രാധാദേവി.<br>മീറ്റ്ന | 5/281(1) |
| 4 | വോഡാഫോൺ | ഹുസൈൻ.<br>വരോഡ് | 17/276(19 A) |
| 5 | വോഡാഫോൺ | റസിയ ഹനീഫ,SRK നഗർ. | 7/202(1) |
| 6 | എയർസെൽ | കൊച്ചുലക്ഷ്മി, തോട്ടക്കര | 21/157(2) |
| 7 | ഐഡിയ | കുഞ്ഞുമൊയ്തീൻ, വല്ലപ്പുഴ | 8/1236(10B) |

ബാക്കി 16 ടവറുകളുടെ വിവരങ്ങൾ അടങ്ങുന്ന ഫയലുകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ ആകെയുള്ള 23 ടവറുകളുടെയും വസ്തുനികുതി ഈടാക്കിയിട്ടില്ല. നഗരസഭയ്ക്ക് ലഭിക്കേണ്ട ഏതൊരു നികുതിയും ഡിമാന്റ് ചെയ്യാത്തിടത്തോളം മൂന്ന് വർഷത്തിനു ശേഷം ഈടാക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ ആയതിൻമേലുണ്ടാകുന്ന നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായിത്തീരുന്നതാണ്. ആയതിനാൽ വസ്തുനികുതിയിനത്തിൽ കുടിശ്ശിക ഈടാക്കുന്നതിനും നഗരസഭയ്ക്കുണ്ടാകുന്ന വരുമാന നഷ്ടം തടയുന്നതിനുമായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല, നഗരസഭയിലുള്ള ടവറുകൾ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ സൂക്ഷിക്കേണ്ടതും 19-10-2014-ലെ 40395/ആർ.സി2/2014/തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശാനുസരണം അനധികൃത മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. സ.ഉ(എം.എസ്)നം.150/14/ ത.സ്വ.ഭ.വ തിയതി 21-8-2014 പ്രകാരം അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഫീസ് ഈടാക്കി ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ നഗരസഭാ പരിധിയിൽ പ്രവർത്തിച്ചു വരുന്ന മൊബൈൽ ടവ്വറുകളുടെ എണ്ണം, അനധികൃതമായി പ്രവർത്തിക്കുന്ന ടവ്വറുകൾ നീക്കം ചെയ്യാൻ സ്വീകരിച്ച നടപടികൾ, ഡിമാന്റ് ചെയ്ത് ഈടാക്കിയ വസ്തുനികുതി എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 29/20.01.2017-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-12 വിനോദ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

നഗരസഭയിൽ 3 സിനിമാ തിയറ്ററുകളാണ് പ്രവർത്തിക്കുന്നത്. ഓരോ തിയറ്ററിൽനിന്നുമുള്ള വിനോദ നികുതിയുടെ കൃത്യത പരിശോധിക്കുന്നതിന് നഗരസഭയിൽ കൃത്യമായി രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല. 2015-16 വർഷത്തിൽ എല്ലാ തിയറ്ററുകളിൽ നിന്നുമായി ലഭിച്ച വിനോദ നികുതി 832726 രൂപ മാത്രമാണ്. തിയേറ്ററുകൾ ഹാജരാക്കുന്ന ഡി.സി.ആറിൽ വില്പന നടത്തിയ ടിക്കറ്റുകളുടെ എണ്ണത്തിൽ വളരെ കുറവുള്ളതായി പ്രാഥമികമായ പരിശോധനയിൽ തന്നെ ബോധ്യപ്പെട്ടു. ടിക്കറ്റ് സീൽഡ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. തിയറ്ററുകളിൽ പരിശോധന നടത്തി ഡി.സി.ആർ പ്രകാരമുള്ള കണക്കുകൾ ശരിയാണെന്ന് ഉറപ്പുവരുത്തുന്നതിന് ഡെയ്‌ലി കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഇവ ഒരു ഫയലായാണ് സൂക്ഷിക്കുന്നത്. ആയതിനാൽ സീൽ ചെയ്തു കൊടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിലെ കൃത്യത പരിശോധിക്കുവാനോ, തിയറ്റർ ഉടമകൾ ഒടുക്കുന്ന വിനോദ നികുതിയുടെ കൃത്യത പരിശോധിക്കുവാനോ, നഗരസഭയുടെ സീലില്ലാതെ ടിക്കറ്റുകളുടെ വിതരണം നടക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുവാനോ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.

തിയറ്ററുകളുടെ നടത്തിപ്പിൽ The Kerala Cinemas (Regulation) Act 1958, The Kerala Cinemas (Regulation) Rules 1988, The Kerala Local Authorities Entertainment's Tax Act 1961 എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് നഗരസഭ അധികാരികൾ ഉറപ്പാക്കുന്നതോടൊപ്പം തിയറ്ററുകളുടെ സുഗമമായ നടത്തിപ്പിനുള്ള നിയമപരമായ എല്ലാ സഹകരണങ്ങളും തിയറ്റർ ഉടമകൾക്ക് നൽകി തിയറ്ററുകൾ നിലനിർത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്. നഗരസഭയിൽ വിനോദനികുതിയുടെ രേഖകൾ കൈകാര്യം ചെയ്യുന്ന സെക്ഷൻ, സീൽ ചെയ്തു കൊടുക്കുന്ന ഉദ്യോഗസ്ഥർ എന്നിവർ കൃത്യമായി ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ പരിശോധിച്ച് നികുതി ചോർച്ച നടക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

## 2-13 പരസ്യ നികുതി - ബൈലോ തയ്യാറാക്കി നാളിതുവരെയും അംഗീകാരം വാങ്ങിയിട്ടില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 207, 271, 272, 273, 274, 275, 276 എന്നീ വകുപ്പുകളിൽ പരസ്യനികുതി പിരിക്കുന്നതിനുള്ള വ്യവസ്ഥകൾ വിശദീകരിച്ചിട്ടുണ്ട്. നഗരസഭയ്ക്ക് 2014-15ൽ പരസ്യ നികുതിയായി 120700 രൂപ മാത്രമാണ് വരവുണ്ടായിരുന്നത്. എന്നാൽ 2015-16 ൽ നഗരസഭ നേരിട്ട് പരസ്യ നികുതി പിരിച്ചുമൂലം 253475 രൂപയുടെ വരവുണ്ടായിട്ടുണ്ട്.

2015-16 ൽ പരസ്യ നികുതി പിരിക്കുന്നതിനായി ബൈലോ തയ്യാറാക്കിയിട്ടില്ല. 2016-17 ൽ ബൈലോ കൗൺസിൽ അംഗീകരിക്കുകയും ആയത് നഗരസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഓരോ വർഷവും നഗരസഭാ പ്രദേശത്ത് സ്ഥാപിക്കുന്ന ബോർഡുകളുടെ എണ്ണം, അവയുടെ വിസ്തീർണ്ണം, സ്ഥാപിച്ച സ്ഥലങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നഗരസഭയിൽ അത്തരത്തിലുള്ള ഡാറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയത് അടിയന്തിരമായി തയ്യാറാക്കി അടിസ്ഥാന തുക

നിശ്ചയിക്കേണ്ടതും പരസ്യ നികുതി പിരിവിനുള്ള ലേല നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നഗരസഭാ പ്രദേശത്ത് പരസ്യങ്ങൾ പ്രദർശിപ്പിക്കുമ്പോൾ ബന്ധപ്പെട്ട നിയമത്തിലേയും, സർക്കാർ ഉത്തരവുകളിലേയും, സർക്കുലറുകളിലേയും നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് നഗരസഭാ അധികൃതർ ഉറപ്പാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 എൽ.ഇ.ഡി തെരുവു വിളക്ക് സ്ഥാപിക്കൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ സ്വീകരിക്കാതെ റീ ടെന്റർ ചെയ്തതുമൂലം പദ്ധതി ഫണ്ടിനു നഷ്ടം

a. പ്രവൃത്തി : LED തെരുവു വിളക്ക് സ്ഥാപിക്കൽ

പ്രൊജക്റ്റ് നം : 236/15, ജനറൽ

അടങ്കൽ : 1000000

പി.എ.സി. : 1000000

ചെലവ് : 999601

ബിൽ നം. : 3/16 Dt. 29.7.2015

നിർവ്വഹണം : മുനിസിപ്പൽ എഞ്ചിനിയർ

b. പ്രവൃത്തി : എസ്.സി കോളനികളിൽ LED തെരുവു വിളക്ക് സ്ഥാപിക്കൽ

പ്രൊജക്റ്റ് നം : 244/15-16

അടങ്കൽ : 1000000 വികസന ഫണ്ട്( SCP)

പി.എ.സി : 1000000

ചെലവ് : 999601

ബിൽ നം. : 4/16 Dt. 29.7.2015

നിർവ്വഹണം : മുനിസിപ്പൽ എഞ്ചിനിയർ

LED തെരുവു വിളക്കുകൾ സ്ഥാപിക്കൽ (ജനറൽ), SC കോളനികളിൽ LED തെരുവു വിളക്കുകൾ സ്ഥാപിക്കൽ (SCP), എന്നീ പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നതിനായി 294 വീതം ആകെ 588 LED വിളക്കുകൾ സ്ഥാപിക്കുന്നതിനായി 27.09.2014 ൽ ക്വട്ടേഷൻ ക്ഷണിക്കുകയും 4 വീതം ക്വട്ടേഷനുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്കായ 2579 രൂപ (ഒരെണ്ണത്തിന്) രേഖപ്പെടുത്തിയ 'സോൾ ഏജൻസീസ് 'ന്റെ ക്വട്ടേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല എന്ന് രേഖപ്പെടുത്തി നിരസിച്ചിട്ടുണ്ട്. ശേഷമുള്ള കുറഞ്ഞനിരക്കായ 2950

രൂപ ആദ്യ പ്രോജക്ടിനും 3100 രൂപ രണ്ടാമത്തെ പ്രോജക്ടിനും രേഖപ്പെടുത്തിയ 'മെർക്കുറി ഇലക്ട്രിക്കൽ കോർപ്പറേഷൻ' എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചതായി കാണുന്നില്ല. അംഗീകരിക്കാതിരിക്കാനുള്ള കാരണവും രേഖപ്പെടുത്തിയിട്ടില്ല. ഫയലിനോടൊപ്പം ക്വട്ടേഷനുകളും പത്രപരസ്യത്തിന്റെ പകർപ്പോ ഉള്ളടക്കം ചെയ്തിട്ടില്ല. ഹാജരാക്കിയ ടാബുലേഷൻ ഷീറ്റിലെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക | | കരാറുകാർ സ്ഥാപനം | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|---|---|---|
| 1 | LED തെരുവു വിളക്കുകൾ | 1000000 | 1 | ഉഷ ഇലക്ട്രിക്കൽസ് | 3900 |
| | | | 2 | അമ്മിണി ഇലക്ട്രിക്കൽസ് | 3650 |
| | | | 3 | മെർക്കുറി ഇലക്ട്രിക്കൽ കോർപ്പറേഷൻ | 2950 |
| | | | 4 | സോൾഎനർജീസ് | 2579 |
| 2 | വിവിധ SC കോളനികളിൽ LED തെരുവു വിളക്കുകൾ | 1000000 | 1 | ഉഷ ഇലക്ട്രിക്കൽസ് | 3900 |
| | | | 2 | അമ്മിണി ഇലക്ട്രിക്കൽസ് | 3650 |
| | | | 3 | മെർക്കുറി ഇലക്ട്രിക്കൽ കോർപ്പറേഷൻ | 3100 |
| | | | 4 | സോൾഎനർജീസ് | 2579 |

കുറഞ്ഞനിരക്കായ 2950 രൂപ ആദ്യ പ്രോജക്ടിനും 3100 രൂപ രണ്ടാമത്തെ പ്രോജക്ടിനും രേഖപ്പെടുത്തിയ 'മെർക്കുറി ഇലക്ട്രിക്കൽ കോർപ്പറേഷൻ' എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കാതെ റീടെന്റർ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ലഭിച്ച ടെണ്ടറുകൾ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഹാജരാക്കിയ ടാബുലേഷൻ ഷീറ്റിലെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക | | കരാറുകാർ സ്ഥാപനം | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|---|---|---|
| 1 | LED തെരുവു വിളക്കുകൾ | 1000000 | 1 | മെർക്കുറി ഇലക്ട്രിക്കൽ കോർപ്പറേഷൻ | 3400 |
| 2 | വിവിധ SC കോളനികളിൽ | 1000000 | 1 | മെർക്കുറി ഇലക്ട്രിക്കൽ | 3400 |

| | | | | | |
|---|---|---|---|---|---|
| | LED തെരുവ് വിളക്കുകൾ | | | കോർപ്പറേഷൻ | |

ആദ്യക്വട്ടേഷനിൽ മെർക്കുറി ഇലക്ട്രിക്കൽ കോർപ്പറേഷൻ' എന്ന സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിക്കാതെ റീ ടെന്റർ ചെയ്യുകയും അതിലൂടെ ലഭ്യമായ അതേ സ്ഥാപനത്തിന്റെ 3400 രൂപ രേഖപ്പെടുത്തിയ ഏക ടെന്റർ നെഗോസിയേഷൻ പോലും നടത്താതെ അംഗീകരിക്കുകയുംഇവ സ്ഥാപിച്ചതിന് 9,99,601രൂപ വീതം ആകെ 19,99,202 രൂപ ട്രഷറിയിൽ നിന്നും പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. തുക സ്ഥാപനത്തിനു നല്കിയതിനുള്ള കാഷ് രശീതി ഹാജരാക്കിയിട്ടില്ല.

'മെർക്കുറി ഇലക്ട്രിക്കൽ കോർപ്പറേഷൻ' എന്ന സ്ഥാപനം സമർപ്പിച്ച ആദ്യ ക്വട്ടേഷൻ അംഗീകരിച്ചിരുന്നുവെങ്കിൽ ആകെ 17,78,700 രൂപ മാത്രമേ ചെലവ് വരുമായിരുന്നുള്ളൂ. (294x2950=867300 + 294 x3100=911400). ഇതു സംബന്ധിച്ച് നം. 21/16, തീ.18.1.2017 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇപ്രകാരം പദ്ധതി ഫണ്ടിന് 2,20,502 രൂപ നഷ്ടം വരുത്തിയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 പൂർത്തീകരണ കാലാവധി ദീർഘിച്ചതിന് പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തികൾ എഗ്രിമെൻറിൽ നിർദ്ദേശിച്ചിരുന്ന കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ സമയം കൂടുതൽ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ കരാർ കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകുന്നപക്ഷം നിയമാനുസൃതമായ പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണസമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. എന്നാൽ മരാമത്തു പ്രവൃത്തികളുടെ പൂർത്തീകരണകാലാവധി അനുവദിക്കപ്പെട്ട കാലാവധിയിൽ അധികരിച്ചിട്ടുണ്ടെങ്കിലും നിയമാനുസൃതമായ മുഴുവൻ പിഴയും ഈടാക്കാതെ കരാറുകാരന് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ആയതിനാൽ പ്രസ്തുത കരാറുകാരിൽനിന്നും ആദ്യത്തെ മൂന്നു മാസത്തിന് 1%, അടുത്ത ഓരോ മൂന്നു മാസത്തിനും 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

1. പ്രവൃത്തി :104-ാം നമ്പർ അങ്കണവാടി റിപ്പയർ

പ്രൊജക്റ്റ് നം : 160/15

അടങ്കൽ : 200000

പി.എ.സി. : 199957

ചെലവ് : 198512

കരാറുകാരൻ : ശ്രീകണ്ഠൻ.

എഗ്രിമെന്റ് തീയതി : 4.12.2014

പൂർത്തീകരിക്കേണ്ട തീയതി : 31.03.2015

പിഴകൂടാതെയുള്ള ദീർഘീകരണം : ഇല്ല

പൂർത്തീകരിച്ച തീയതി : 13.10.2015

ഈടാക്കേണ്ട പിഴ :

1.04.15മുതൽ 30.6.2015 വരെ : 199957 x1% = 2000

1.07.15മുതൽ 30.9.2015 വരെ : 199957 x2%= 3999

1.10.15മുതൽ 12.10.2015 വരെ :199957 x2%x12/90= 533

ആകെ =6532 രൂപ

ഈടാക്കിയ പിഴ : ഇല്ല

ഈടാക്കാൻ ബാക്കിയുള്ള പിഴ : 6532

എം. ബുക്ക് നം. :9/2015, 80/14

ബിൽ നം : 29/15-16\23.1.2016

31.3.2015 ന് പൂർത്തിയാക്കേണ്ട പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ 25.6.2015ന് കത്തു നൽകിയതിന്റെ അടിസ്ഥാനത്തിൽ 4.8.2015 നാണ് പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്. പ്രവൃത്തി തുടങ്ങാൻ കഴിയാതിരുന്ന സാഹചര്യം വ്യക്തമാക്കിക്കൊണ്ടും പൂർത്തീകരണ കാലം ദീർഘിപ്പിക്കുന്നതിനും കാലാവധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിച്ചില്ല, എന്നിട്ടും കരാറുകാരനിൽനിന്നും പിഴ ഈടാക്കാതിരുന്നത് ശരിയായ നടപടിയല്ല.

2. പ്രവൃത്തി :73-ാം നമ്പർ പല്ലാർ മംഗലം അങ്കണവാടി ചുറ്റുമതിൽ നിർമ്മാണം

പ്രൊജക്റ്റ് നം : 237/15,234/ 16

അടങ്കൽ : 160000(MG)

പി.എ.സി. : 159715

കരാറുകാരൻ : ഗോവിന്ദൻ.സി

എഗ്രിമെന്റ് തീയതി : 21.11.2014

പൂർത്തീകരിക്കേണ്ട തീയതി : 31.03.2015

പിഴ കൂടാതെയുള്ള ദീർഘീകരണം : ഇല്ല

പൂർത്തീകരിച്ച തീയതി : 4.2.2016

ഈടാക്കേണ്ട പിഴ :

1.04.15മുതൽ 30.6.2015 വരെ : 159715 x1% = 1597

1.07.15മുതൽ 30.9.2015 വരെ : 159715 x2%= 3194

1.10.15മുതൽ 31.12.2015 വരെ : 159715 x2%= 3194

1.01.16മുതൽ 3.2.2016 വരെ : 159715 x2% x34/90= 1207

ആകെ =9192

ഈടാക്കിയ പിഴ : 1205

ഈടാക്കാൻ ബാക്കി പിഴ : 7987

എം. ബുക്ക് നം. :74/2015

ബിൽ നം : 111/15-16\31.3.2016

31.3.2015 ന് പൂർത്തിയാക്കേണ്ട പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ 25.6.2015ന് കത്തു നൽകിയതിന്റെ അടിസ്ഥാനത്തിൽ 2.12.2015 നാണ് പ്രവൃത്തി ആരംഭിച്ചിട്ടുള്ളതെങ്കിലും പിഴ ഈടാക്കിയിട്ടില്ല.

3. പ്രവൃത്തി : പൂളക്കാപറമ്പ് കുളക്കട്ടിപ്പാറ റോഡ് മെറ്റലിങ് & ടാറിങ്

പ്രൊജക്റ്റ് നം : 134/15, 209/ 16

അടങ്കൽ : 566000 MG ( R)

പി.എ.സി. : 565683

കരാറുകാരൻ : മോഹനൻ.പി

എഗ്രിമെന്റ് തീയതി : 20.2.2015

പൂർത്തീകരിക്കേണ്ട തീയതി : 31.03.2015

പിഴകൂടാതെയുള്ള ദീർഘീകരണം : ഇല്ല

പൂർത്തീകരിച്ച തീയതി : 20.5.2015

ഈടാക്കേണ്ട പിഴ :

1.04.15മുതൽ 19.5.2015 വരെ: 565683x1% x 49/90 = 3080

ആകെ = 3080

ഈടാക്കിയ പിഴ : ഇല്ല

ഈടാക്കാൻ ബാക്കി പിഴ : 3080

എം. ബുക്ക് നം. :155/2014

ബിൽ നം : 5/15-16\ 29.7.2015

31.3.2015 ന് പൂർത്തിയാക്കേണ്ട പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ 24.4.2015ന് കത്തു നൽകിയതിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്. എന്നിട്ടും പിഴ ഈടാക്കാത്തത് ക്രമപ്രകാരമല്ല.

മേൽ പദ്ധതികളിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട പിഴ 17599 (6532+7987+3080) രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 അധികം നൽകിയ ബിറ്റുമിൻ തിരികെ നഗരസഭയിൽ ഏല്പിച്ചിട്ടില്ല

a.പ്രവൃത്തി -പാലാട്ട് റോഡ് ചേങ്ങേരി അമ്പലം റോഡ് റീ ടാറിങ്

പ്രൊജക്റ്റ് നം : 53/15, 195/ 16

അടങ്കൽ : 283000 MG(R)

ചെലവ് : 133339

കരാറുകാരൻ : രമേശ്. പി.എം

ബിൽ നം : 15/16/Dt.11.8.2015

എം. ബുക്ക് നം. : 69/2014

മേൽ എം. ബുക്ക് ഇനം 4 പ്രകാരം7.97$m^3$ അളവിൽ pot hole ഫില്ലിങ് നടത്തിയിട്ടുണ്ട്. ഇതിനാവശ്യമായ ബിറ്റുമിൻ അളവ് 219.175 കി.(7.97 x27.5കി. =219.175) ആണ്.

ഇനം 5 പ്രകാരം BT ഉപരിതലത്തിൽ 20 mm പ്രീമിക്സ്ഡ് ചിപ്പിങ് കാർപ്പറ്റ് 901.7 $m^2$ അളവിൽ ചെയ്യതിന് 2398.522 കി.ബിറ്റുമിൻ മാത്രമാണ് ആവശ്യം(901.7 x26.6/10=2398.522). മേൽ പ്രവൃത്തികൾക്ക് ആകെ 2617.7 (219.175+2398.522) കി.ഗ്രാം ബിറ്റുമിനാണ് ആവശ്യമായിട്ടുള്ളത്. എന്നാൽ ബിറ്റുമിൻ രജിസ്റ്റർ പ്രകാരം 17 ബാരൽ (2652 കി.)ബിറ്റുമിൻ കരാറുകാരന് വിതരണം ചെയ്യിട്ടുണ്ട്. ബാക്കി വന്ന 34.30 കി.(2652- 2617.70=34.30) ബിറ്റുമിൻ നഗരസഭയിൽ തിരികെ ഏല്പിച്ചിട്ടില്ല. ഇവയുടെ തുക 1698 രൂപ (34.30 X 49.5 ) നഗരസഭയ്ക്ക് നഷ്ടം വന്നിട്ടുണ്ട്.

b.പ്രവൃത്തി - വട്ടനാൽ താന്നിക്കാ പറമ്പ് റോഡ് റീ ടാറിങ്

പ്രൊജക്റ്റ് നം : 61/15,

അടങ്കൽ : 499000 MG(R)

ചെലവ് : 263487

കരാറുകാരൻ : അഷറഫ്.എം

ബിൽ നം : 16/16/Dt.11.8.2015

എം. ബുക്ക് നം. : 86/2014

മേൽ എം. ബുക്ക് ഇനം 4 പ്രകാരം 6 $m^3$ അളവിൽ pot hole ഫില്ലിങ് നടത്തിയിട്ടുണ്ട്. ഇതിനാവശ്യമായ ബിറ്റുമിൻ അളവ് 165 കി.(6 x27.5കി. =165) ആണ്.

ഇനം 6 പ്രകാരം BT ഉപരിതലത്തിൽ 20 mm പ്രീമിക്സ്ഡ് ചിപ്പിങ് കാർപ്പറ്റ് 1786.91 $m^2$ അളവിൽ ചെയ്യുതിന് 4753.18 കി.ബിറ്റുമിൻ (1786.91x26.6/10=4753.18) മാത്രമാണ് ആവശ്യം. മേൽ പ്രവൃത്തികൾക്ക് ആകെ 4918.18 (165+4753.18) കി.ഗ്രാം ബിറ്റുമിനാണ് ആവശ്യമായിട്ടുള്ളത്. എന്നാൽ ബിറ്റുമിൻ രജിസ്റ്റർ പ്രകാരം 33 ബാരൽ (5148 കി.)ബിറ്റുമിൻ 5.2.2015 ന് കരാറുകാരന് വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 5011.38 കി.ഗ്രാം ബിറ്റുമിനിന്റെ വില 49.5 രൂപ/കി.നിരക്കിൽ 248063 രൂപ കരാറുകാരന്റെ ബില്ലിൽ നിന്നും ഈടാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 136.62 കി.(5148- 5011.38=136.62) ബിറ്റുമിൻ നഗരസഭയിൽ തിരികെ ഏല്പിച്ചിട്ടില്ല. ഇവയുടെ തുക 6763രൂപ (136.62 X 49.5 ) നഗരസഭയ്ക്ക് നഷ്ടം വന്നിട്ടുണ്ട്.

c.പ്രവൃത്തി സി.എം. മൻസിൽ റോഡ് മെറ്റലിങ് & ടാറിങ്

പ്രൊജക്റ്റ് നം : 138/15, 211/ 16

അടങ്കൽ : 252000

ചെലവ് : 196314

കരാറുകാരൻ : നാരായണൻ.കെ

ബിൽ നം : 6/16/11.8.2015

എം. ബുക്ക് നം : 113/2014

മേൽ എം. ബുക്ക് ഇനം 9 പ്രകാരം WBM ഉപരിതലത്തിൽ 20 mm ചിപ്പിങ് കാർപ്പറ്റ് 316.50 $m^2$ അളവിൽ ചെയ്യുതിന് 921.015 കി.ബിറ്റുമിൻ മാത്രമാണ് ആവശ്യം. എന്നാൽ 936 കി. ബിറ്റുമിൻ കരാറുകാരന് വിതരണം ചെയ്തിട്ടുണ്ട്. ബാക്കി വന്ന ബിറ്റുമിൻ 14.985 കി. ബിറ്റുമിൻ നഗരസഭയിൽ തിരികെ ഏല്പിച്ചിട്ടില്ല. ഇവയുടെ തുക 742 (14.985 X 49.5 ) രൂപ നഗരസഭയ്ക്ക് നഷ്ടം വന്നിട്ടുണ്ട്. മേൽ പറഞ്ഞ പദ്ധതികളുടെ നടത്തിപ്പിൽ നഗരസഭയ്ക്ക് നഷ്ടം വന്ന 9203 (1698+6763+742)രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 യാത്രാ ബത്ത മുൻകൂർ കൈപ്പറ്റിയത് ക്രമീകരിച്ചിട്ടില്ല. ചെലവ് തുക 50000/- രൂപ നിരാകരിക്കുന്നു

നഗരസഭാ സെക്രട്ടറി, ചെയർമാൻ എന്നിവർ 2015 ജൂൺ മാസത്തിൽ ഡൽഹി യാത്രക്കായി താഴെ പറയുന്ന വൗച്ചർ പ്രകാരം മുൻകൂർ യാത്രാ ബത്ത കൈപ്പറ്റിയത് ക്രമീകരിച്ചിട്ടില്ല.

| ക്രമ നം | വൗച്ചർ നം | തുക | കൈപ്പറ്റിയത് | ചെക്ക് നം |
|---|---|---|---|---|
| 1 | 79/19.06.15 | 25000 | സെക്രട്ടറി | 635729/22.06.15 |

| | | | | |
|---|---|---|---|---|
| 2 | 80/19.06.15 | 25000 | ചെയർമാൻ | 635729/22.06.15 |

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53(e) note 1 പ്രകാരം കൈപ്പറ്റിയ യാത്രാ ബത്ത 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിച്ച് ക്രമീകരിച്ചിട്ടില്ലെങ്കിൽ 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്ന തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.22/18.01.17) മറുപടി ലഭ്യമായില്ല. ആയതിനാൽ യാത്രാ ബത്തയിനത്തിൽ മുൻകൂർ കൈപ്പറ്റിയ 50000/-രൂപ നിരാകരിക്കുന്നു. പ്രസ്തുത തുക നാളിതുവരെയുള്ള പലിശ സഹിതം ഈടാക്കേണ്ടതാണ്.

## 3-5 പാലിയേറ്റീവ് കെയർ - വാഹന വാടക നൽകിയത് ക്രമപ്രകാരമല്ല - 13300/- രൂപ നിരാകരിക്കുന്നു

പ്രൊജക്ട്. - 16/15-16 – പെയിൻ &പാലിയേറ്റീവ് കെയർ

അടങ്കൽ - 1000000/-

നിർവ്വഹണം . -മെഡിക്കൽ സൂപ്രണ്ട് താലൂക്ക് ആശുപത്രി ഒറ്റപ്പാലം

1) മേൽ പ്രൊജക്ടിന്റെ ഭാഗമായി പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കായി വാഹന വാടക നൽകിയതിൽ വൌച്ചർ പ്രകാരമുള്ള വാഹന നമ്പർ പരിശോധിച്ചതിൽ ഒരു വാഹനം മോട്ടോർ വാഹന വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് പ്രകാരം സ്കൂട്ടർ ആയാണ് വാഹന രജിസ്ട്രേഷൻ ചെയ്യപ്പെട്ടിട്ടുള്ളത്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | ബിൽ നം | വൌച്ചർ നം. | തുക | വാഹന നമ്പർ | മോട്ടോർ വാഹന വകുപ്പിന്റ വെബ്സൈറ്റ് പ്രകാരം | ഉടമ | RTO office | കൈപ്പറ്റിയത് |
|---|---|---|---|---|---|---|---|---|
| 1 | 2/ 15.09.15. 191766/- | 10/ 11.4.15 | 1500 | KL11B-3613 | kenetic honda scooter | ഷീബ | കണ്ണൂർ | മണികണ്ഠൻ, പഴയന്നൂർ തൊടി, പാലപ്പുറം |
| 2 | | 19/ 18.4.15 | 1500 | KL11-B 3613 | kenetic honda | ഷീബ | കണ്ണൂർ | മണികണ്ഠൻ, പഴയന്നൂർ തൊടി, |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | scooter | | | പാലപ്പുറം |
| 3 | | 25/ 21.04.15 | 1500 | KL11-B 3613 | kenetic honda scooter | ഷീബ | കണ്ണൂർ | മണികണ്ഠൻ, പഴയന്നൂർ തൊടി, പാലപ്പുറം |
| 4 | | 35/ 28.04.15 | 1500 | KL11 B 3613 | kenetic honda scooter | ഷീബ | കണ്ണൂർ | മണികണ്ഠൻ, പഴയന്നൂർ തൊടി, പാലപ്പുറം |
| 5 | | 38/ 29.04.15 | 1300 | KL11 B 3613 | kenetic honda scooter | ഷീബ | കണ്ണൂർ | മണികണ്ഠൻ, പഴയന്നൂർ തൊടി, പാലപ്പുറം |
| 6 | | ആകെ | 7300 | | | | | |

പാലിയേറ്റീവ് കെയർ ആവശ്യത്തിനുവേണ്ടി സ്കൂട്ടർ ഉപയോഗിച്ചതിന് തുക നൽകിയത് അനുവദനീയമല്ല.

2) പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ (GO(rt)3217/2015/LSGD/29.10.15) ഖണ്ഡിക 2.6(5) ൽ ഹോം കെയർ ടീം വാഹനത്തിന്റെ ഉപയോഗം വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2.6(5)(3) പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകയ്ക്ക് എടുക്കമ്പോൾ വാഹനത്തിന് നൽകാവുന്ന പരമാവധി ദിവസ വാടക 1100/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പരമാവധി ദിവസ വാടകയിൽ അധികരിച്ച് വാഹന വാടക നൽകിയതായികാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ നം. | തുക | വൌച്ചർ നം. | തുക | വാഹന നമ്പർ | അനുവദി ക്കാവുന്ന തുക | അധികം നൽകി യത് | കൈപ്പറ്റി യത് |
|---|---|---|---|---|---|---|---|---|
| 1 | 5/ 01.02.16 | 50940 | 2/1.12.15 | 1300 | KL9B 7488 | 1100 | 200 | നിഷാദ് സുന്ദർ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | | | 4/2.12.15 | 1300 | KL9B 7488 | 1100 | 200 | നിഷാദ് സുന്ദർ |
| 3 | | | 6/5.12.15 | 1300 | KL9B 7488 | 1100 | 200 | നിഷാദ് സുന്ദർ |
| 4 | | | 8/7.12.15 | 1500 | KL10A 5613 | 1100 | 400 | അരുൺ കുമാർ |
| 5 | | | 10/9.12.15 | 1300 | KL9B 7488 | 1100 | 200 | നിഷാദ് സുന്ദർ |
| 6 | | | 12/8.12.15 | 1500 | KL9B 7488 | 1100 | 400 | നിഷാദ് സുന്ദർ |
| 7 | | | 14/9.12.15 | 1300 | KL9B 7488 | 1100 | 200 | നിഷാദ് സുന്ദർ |
| 8 | | | 16/9.12.15 | 1500 | KL10A 5613 | 1100 | 400 | അരുൺ കുമാർ |
| 9 | | | 18/11.12.15 | 1300 | KL9B 7488 | 1100 | 200 | നിഷാദ് സുന്ദർ |
| 10 | | | 21/14.12.15 | 1500 | KL10A 5613 | 1100 | 400 | അരുൺ കുമാർ |
| 11 | | | 23/15.12.15 | 1300 | KL9B 7488 | 1100 | 200 | നിഷാദ് സുന്ദർ |
| 12 | | | 25/15.12.15 | 1500 | KL10A 5613 | 1100 | 400 | അരുൺ കുമാർ |
| 13 | | | 27/16.12.15 | 1300 | KL9B | 1100 | 200 | നിഷാദ് |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | 7488 | | | സുന്ദർ |
| 14 | | | 30/18.12.15 | 1300 | KL9B 7488 | 1100 | 200 | നിഷാദ് സുന്ദർ |
| 15 | | | 32/18.12.15 | 1500 | KL10A 5613 | 1100 | 400 | അരുൺ കുമാർ |
| 16 | | | 34/19.12.15 | 1300 | KL9B 7488 | 1100 | 200 | നിഷാദ് സുന്ദർ |
| 17 | | | 36/19.12.16 | 1500 | KL10A 5613 | 1100 | 400 | അരുൺ കുമാർ |
| 18 | | | 38/15.12.15 | 1300 | KL9B 7488 | 1100 | 200 | നിഷാദ് സുന്ദർ |
| 19 | | | 40/25.12.15 | 1300 | KL9B 7488 | 1100 | 200 | നിഷാദ് സുന്ദർ |
| 20 | | | 42/26.12.15 | 1500 | KL9B 7488 | 1100 | 400 | നിഷാദ് സുന്ദർ |
| 21 | | | 44/29.12.15 | 1500 | KL9B 7488 | 1100 | 400 | നിഷാദ് സുന്ദർ |
| 22 | ആകെ | | | 29100 | | | 6000 | |

ടൂറിസ്റ്റ്/ടാക്സി പെർമിറ്റ്, ട്രിപ്പ് ഷീറ്റ് എന്നിവ ഇല്ലാത്ത ഇരുചക്ര വാഹനങ്ങൾക്ക് വാഹന വാടക നൽകിയതും, വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ വാഹനത്തിന് നൽകാവുന്ന പരമാവധി ദിവസ വാടകയിൽ അധികരിച്ച് വാഹന വാടക നൽകിയതും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം.6/12.01.2017) യ്ക്ക് അധികം നൽകിയ വാഹന വാടക തിരികെ ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ചെലവ് തുക 13300/- (7300+6000) രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## **3-6** തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി - മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധം - **1135955** രൂപ തടസ്സപ്പെടുത്തുന്നു

2015-16 സാമ്പത്തിക വർഷം സി.എഫ്.എൽ വിളക്കുകളുടെ റിപ്പയറിനായി ഗ്യാലക്സി എനർജി സിസ്റ്റംസ്,പെരിന്തൽമണ്ണ എന്ന സ്ഥാപനവുമായി 26.08.15ന് വാർഷിക കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാറിന്റെ കാലാവധി ആഗസ്റ്റ് 2015 മുതൽ ആഗസ്റ്റ് 2016 വരെയാണ്. 4400 CFL വിളക്കുകൾക്ക് 303-രൂപ നിരക്കിൽ 1333200/-രൂപയും, 5 ഹൈ മാസ്റ്റ് ലൈറ്റുകൾക്ക് ഒരെണ്ണത്തിന് 33100/-രൂപ നിരക്കിൽ 165500/- രൂപയും(ആകെ 1498700/-രൂപ) കരാറിൽ ഏർപ്പെട്ടതനുസരിച്ച് കരാറുകാരന്റെ ഡിമാന്റ് പ്രകാരം തനത് ഫണ്ടിൽ നിന്നും കരാറുകാരന് താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

| ചെക്ക് നം | തുക |
|---|---|
| 635663/6.05.15 | 102300 |
| 135718/12.6.15 | 102300 |
| 635746/9.7.15 | 102300 |
| 680553/4.9.15 | 102300 |
| 757259/12.10.15 | 102300 |
| 757285/28.10.15 | 249782 |
| 757312/13.11.15 | 124891 |
| 803811/18.01.16 | 124891 |
| 803854/27.02.16 | 124891 |
| ആകെ | 1135955 |

പ്രസ്തുത പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1.തെരുവ് വിളക്കുകളുടെ പരിപാലനം (റിപ്പയറും മെയ്ന്റനൻസും) സർക്കുലർ നം. 3055/DA3 /2011/ത.സ്വ.ഭ.വ തീയതി 15.9.2011 ലെ നിർദ്ദേശങ്ങൾ അനുസരിച്ച് ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

2.KSEB യുടെ അംഗീകൃത കരാറുകാരെയല്ല പദ്ധതി നിർവ്വഹണം ഏൽപ്പിച്ചിട്ടുള്ളത്.

3.കരാർ പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾ നഗരസഭ പാലിച്ചിട്ടില്ല.

